**ഏതൊരു മനുഷ്യനും തുല്യനീതി എന്ന അടിസ്ഥാന അവകാശം സമൂഹം നിഷേധിക്കുന്നതിന്റെ പ്രതിഫലനമാണ് ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പ്രവർത്തിച്ചിരുന്ന അനിൽ സദാനന്ദന്റെ കൊലയെത്തുടർന്നുണ്ടായതെന്ന്**

**ഹരിത**

# അനിലിന്റെ കൊലയും സമൂഹ മനസാക്ഷിയും

**കൊലപാതകങ്ങൾ** ഏറെ കോളിളക്കമുണ്ടാക്കുന്ന കേരളത്തിൽ ഒരു കൊല പാതകം ഒട്ടും ശ്രദ്ധിക്കപ്പെടാതെ പോയി. കൊല്ലം സ്വദേശി(നി) സ്വീറ്റ് മറിയ എന്നു വിളിക്കപ്പെടുന്ന അനിൽ സദാനന്ദൻ. കൊല്ലത്ത് താമസിച്ചിരുന്ന വസതിയിൽ രാവി ലെയാണ് അനിലിനെ മരിച്ച നിലയിൽ കണ്ടത്. ഇയാൾ സ്വവർഗ്ഗസ്നേഹിയായിരു ന്നതുകൊണ്ടുമാത്രമാണ് സംഭവം വലിയ കോളിളക്കമില്ലാതെ കടന്നുപോയത്. അ നിൽ സ്വവർഗ്ഗസ്നേഹിയായിരുന്നു എന്നുമാത്രമല്ല, വർഷങ്ങൾക്കുമുന്നെ അത് തുറ ന്നു പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. മാത്രമല്ല ഇവർക്കിടയിൽ വർഷങ്ങളായി പ്ര വർത്തിക്കുകയും ചെയ്തിരുന്നു. സ്വവർഗ്ഗ സ്നേഹികൾ നേരിടുന്ന പീഡനങ്ങൾ ക്കും അപമാനങ്ങൾക്കുമെതിരെ ശക്തമായി തന്നെ പ്രതികരിച്ചിരുന്നു. അതേകുറിച്ച് നിരവധി തവണ ദൃശ്യമാധ്യമങ്ങളുടെ ചർച്ചകളിൽ അനിൽ പങ്കെടുത്തിരുന്നു.

ഇതൊക്കെയാണെങ്കിലും അനിലിനെ വധിച്ചത് പുറത്തുനിന്നുള്ള ആരുമല്ല എ ന്ന നിഗമനത്തിലാണ് പോലീസ്. പലപ്പോഴും അനിലിനടുത്ത് എത്തിയിരുന്നവർത ന്നെയാണ് കൊല നടത്തിയത്. പ്രതികളെ പിടികൂടി റിമാന്റ് ചെയ്യുകയും ചെയ്തു. അനിൽ എച്ച്ഐ.വി പോസറ്റീവാണെന്നും തങ്ങളും അതാണെന്ന് ബോധ്യപ്പെട്ടപ്പോ ഴാണ് അനിലിനെ വധിച്ചതെന്നായിരുന്നു പ്രതികൾ ആദ്യം പോലീസിനോട് പറ ഞ്ഞത്. എന്നാൽ തങ്ങളുടെ കുറ്റത്തെ ലഘൂകരിക്കാനാണ് പ്രതികൾ അത്തരത്തിൽ പറഞ്ഞതെന്നായിരുന്നു പോലീസ് നിലപാട്. മോഷണമായിരുന്നത്രെ പ്രതികളുടെ യഥാർത്ഥ ലക്ഷ്യം. അനിലിന്റെ വസതിയിൽനിന്ന് ലാപ്ടോപ്പും പണവും മറ്റും നഷ് ടപ്പെട്ടിട്ടുണ്ട്. അതാകട്ടെ പ്രതികളിൽനിന്ന് പിടിച്ചെടുക്കുകയും ചെയ്തു.

പ്രതികളെ അറസ്റ്റ് ചെയ്തു എന്നതുകൊണ്ട് ഈ വിഷയത്തിൽ സമൂഹത്തിന്റെ ഉത്തരവാദിത്തം അവസാനിക്കുന്നില്ല. ഏതൊരു മനുഷ്യനും തുല്യനീതി എന്ന അ ടിസ്ഥാന അവകാശമാണ് ഇവരുടെ കാര്യത്തിൽ ലംഘിക്കപ്പെടുന്നത്. ഒരു ശല്യം തീർന്നെന്ന രീതിയിലാണ് പോലീസും സമൂഹവും അനിലിന്റെ കൊലയെ നോക്കി കാണുന്നത്. കാരണം നിസ്സാരം. ലൈംഗികതയിലെ വൈവിധ്യം. മാത്രമല്ല അതു തുറന്നു പറയുന്നു. ഒരാണും ഒരു പെണ്ണും തമ്മിൽ നടക്കുന്നതാണ്, അതുമാത്രമാ ണ് ലൈംഗികത എന്ന അന്ധവിശ്വാസത്തിൽ നിന്നു കുതറുന്നവരെ നാമിന്നും മ നുഷ്യരായി കാണുന്നില്ല. ഇക്കാര്യത്തിൽ കേരളമാണ് ഏറ്റവും പുറകിൽ. കേന്ദ്രസർ ക്കാരും കോടതിയും ഇവരുടെ അസ്ഥിത്വം അംഗീകരിക്കുകയും സ്വവർഗ്ഗ ലൈംഗിക

ത നിയമവിരുദ്ധമാണെന്ന വകുപ്പുകൾ നീക്കിയതിനെതിരെ ഏറ്റവും സുശക്തമായ പ്രതിഷേധം നടന്നത് കേരളത്തിലായിരുന്നു. സംഘടിത മതങ്ങൾ മാത്രമല്ല, സാധാരണക്കാരിൽ ബഹുഭൂരിപക്ഷവും ഈ നിലപാടുകാർതന്നെ. വൻനഗരങ്ങളിലും ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും ഇവർ സാധാരണക്കാരെ പോലെ ജീവിക്കുന്നു. എന്നാൽ കേരളത്തിൽ ഭൂരിപക്ഷവും അദൃശ്യരാണ്. മിക്കവാറും പേർ സ്വന്തം വീട്ടിൽ നിന്നു പുറംതള്ളപ്പെട്ടവർ. അതുവഴി അവർക്ക് കുടുംബസ്വത്തിലുള്ള അവകാശം നഷ്ടപ്പെടുന്നു എന്നത് മറ്റൊരു കാര്യം. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അപമാനം. പല രാഷ്ട്രങ്ങളിലും ഇവരെ കളിയാക്കുന്നതുപോലും കുറ്റകരമായിരിക്കുമ്പോഴാണ് പ്രബുദ്ധരെന്ന് ഊറ്റം കൊള്ളുന്ന നാമിങ്ങനെ. അനിലിന്റെ കൊലയ്ക്കു നയിച്ചത് ഈ സമൂഹ മനഃസാക്ഷിതന്നെയാണ് എന്നിടത്താണ് നാമെല്ലാം കുറ്റക്കാരായിരിക്കുന്നത്.

സ്വവർഗ്ഗ ലൈംഗിക തൽപ്പരരായ പെൺകുട്ടികളുടെ കാര്യമാകട്ടെ ഇതിലും കഷ്ടമാണ്. സദാചാരപോലീസിന്റെ നിരന്തരമായ പീഡനമാണ് ഇവർ നേരിടുന്നത്. കേരളത്തിൽ ഒരുപാട് നടന്ന, ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്ന കൂട്ടുകാരികളുടെ ആത്മഹത്യകൾക്കു പുറകിൽ മുഖ്യമായും സ്വവർഗ്ഗ ലൈംഗികതയാണ്. പുരുഷന്മാരേക്കാൾ ഇടപെടുന്ന ലോകം ചെറുതായതിനാൽ ഇവരുടെ ബന്ധങ്ങൾ കൂടുതൽ തീവ്രമാണ്. അതിലൊരാളുടെ വിവാഹം തീരുമാനിക്കുമ്പോഴാണ് ആത്മഹത്യകൾ നടക്കുന്നത്. പിരിയാനുള്ള ദുഃഖം എന്ന പേരിൽ ആത്മഹത്യകൾ വ്യാഖ്യാനിക്കപ്പെടുന്നു.

സ്വവർഗ്ഗ ലൈംഗികത ഒരു യാഥാർത്ഥ്യമാണെന്നും അതിനു മാനസികവും ശാരീരികവും സാമൂഹ്യവുമായ കാരണങ്ങൾ ഉണ്ടെന്നും ശാസ്ത്രീയമായി തന്നെ തെളിഞ്ഞിട്ട് എത്രയോ കാലമായി. അതെല്ലാം അവഗണിച്ച് ഒരു വ്യക്തിയുടെ, അല്ലെങ്കിൽ രണ്ടുപേരുടെ പൂർണ്ണ സ്വാതന്ത്ര്യമായ ലൈംഗികതയിൽ സമൂഹം അനാവശ്യമായി കൈകടത്തുന്നതാണ് യഥാർത്ഥ കാരണം. പുരുഷാധിപത്യത്തിനെതിരെ ലെസ്ബിയനിസത്തെ സമരായുധമാക്കി മാറ്റുന്നവർ പോലുമുണ്ട്. കേരളത്തിൽ പക്ഷെ ഇവരുടെ മനുഷ്യാവകാശങ്ങൾ പോലും അവഗണിക്കപ്പെടുന്നു. സമൂഹത്തിൽനിന്നും കുടുംബത്തിൽ നിന്നും താൻ നേരിട്ട പീഢനങ്ങൾ ഉറക്കെ വിളിച്ചു പറഞ്ഞ ശ്രീനന്ദുവിന്റെ പുസ്തകം പിന്നീട് പിൻവലിക്കപ്പെട്ടു. ന്യൂനപക്ഷാവകാശങ്ങൾ ഏറ്റവും ചർച്ച ചെയ്യുന്ന കാലഘട്ടത്തിലും ലൈംഗിക ന്യൂനപക്ഷങ്ങൾ മാത്രം അവഗണിക്കപ്പെടുന്നു. അവരുടെ കൊലകൾപോലും നമുക്ക് വാർത്തയാകുന്നില്ല.

പാശ്ചാത്യ സംസ്കാരത്തിന്റെ ലക്ഷണമാണ് സ്വവർഗ്ഗ പ്രേമവും രതിയും എന്നാണ് ഒരു വാദം. സെക്ഷൻ 377 ക്രിമിനൽ വകുപ്പ് പാശ്ചാത്യ കോളനി ഭരണാധികാരികൾ 19-ാം നൂറ്റാണ്ടിനു മുൻപ് അവരുടെ നാടുകളിൽ നിലനിന്ന വിക്ടോറിയൻ / ക്രൈസ്തവ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ഉണ്ടാക്കിയ നിയമം ആണ്. ഇവിടെ ഇത്തരത്തിലുള്ള നിയമമൊന്നും ഉണ്ടായിരുന്നില്ല. അതുനീക്കം ചെയ്യുന്നതിനെതിരെയാണ് വീണ്ടും സദാചാരവാദികൾ ഉറഞ്ഞുതുള്ളുന്നത് എന്നതാണ് കൗതുകകരം.

ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശിൽപ്പിയായ അംബേദ്കർ ഓർമ്മിപ്പിച്ചത് പോലെ, 'ഭരണഘടനാപരമായ സദാചാരവും സാമൂഹ്യ സദാചാരവും തമ്മിൽ പലപ്പോഴും വൈരുധ്യങ്ങൾ വരാം. എന്നാൽ അത്തരം സന്ദർഭങ്ങളിൽ കോടതികൾ എപ്പോഴും ഭരണഘടനാ പരമായ സദാചാരത്തിന്റെ പക്ഷത്ത് നിൽക്കാൻ ബാധ്യസ്ഥമാണ്.'

ഈ തത്ത്വം ഓർമ്മിപ്പിച്ചു കൊണ്ടാണ് പ്രായപൂർത്തിയായവർക്കിടയിൽ പരസ്പര സമ്മതത്തോടെയുള്ള സ്വവർഗ്ഗ ലൈംഗിക ബന്ധം ക്രിമിനൽ കുറ്റം ആക്കേണ്ടതില്ല എന്ന് പ്രഖ്യാപിച്ച ജസ്റ്റിസ് എ.പി ഷാ യുടെ ഡൽഹി ഹൈക്കോടതി ഉത്തരവ് ഐ പി സി സെക്ഷൻ 377 നിയമ പുസ്തകത്തിൽ നിന്ന് നീക്കം ചെയ്യുന്നതിന്റെ ആവശ്യത്തെക്കുറിച്ച് 2010ൽ പറഞ്ഞത്. സ്ത്രീകളെയും ഒപ്പം ട്രാൻസ് ജെണ്ടറുകളെയും തുല്യ പദവി നൽകാതെ മനുഷ്യരുടെ കൂട്ടത്തിൽ നിന്നും പുറത്താക്കുന്ന 'സദാചാരം' ഉപേക്ഷിക്കേണ്ട കാലം കഴിഞ്ഞിരിക്കുന്നു.


അനിൽ മരിയ

**വാൽക്കഷ്ണം**

80 കഴിഞ്ഞാൽ പി.ബിയിൽ വേണ്ടെന്ന് നിർദേശം വെച്ച് കേന്ദ്രക്കമ്മിറ്റിയിൽനിന്ന് ഒഴിവാക്കാൻ ശ്രമം നടത്തിയ നപുംസകശിരോമണികളേ... : പി.ബിയിൽനിന്ന് വി.എസ്.അച്യുതാനന്ദനെ തഴഞ്ഞതിൽ പ്രതിഷേധിച്ച് നീലേശ്വരത്ത് വി.എസ്.അനുകൂലികൾ ഉയർത്തിയ ഫ്ളക്സ്ബോർഡിൽ നിന്നുള്ള വാക്കുകളാണിത്. ഒരു പുതുലോകം സ്വപ്നം കണ്ട്, ആ പുതുലോക സൃഷ്ടിക്കായുള്ള യത്നങ്ങളിൽ വി.എസ് അച്ചുതാനന്ദൻ തങ്ങളെ നയിക്കാനുണ്ടാകണമെന്നു ആഗ്രഹിക്കുന്നവർ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ശത്രുക്കളെ ആക്ഷേപിക്കാനുള്ള മോശപ്പെട്ട ഒരു പദപ്രയോഗമായി മാത്രം മൂന്നാം ലിംഗത്തിൽപ്പെട്ട മനുഷ്യരെ കാണുമ്പോൾ, ഇവർ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്ന പുതുലോകം ഏതുതരത്തിലുള്ളതായിരിക്കുമെന്നത് ആശങ്കാജനകം തന്നെയാകുന്നു. മറ്റുള്ളവരുടെ കാര്യം പിന്നെ പറയാനുണ്ടോ.